(സി) പ്രസ്തുത വകുപ്പു പുനഃസംഘടന അധികച്ചെലവുകൾ ഉണ്ടാക്കാതെ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കിളിമാനൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചു കഴിഞ്ഞ സ്കൂൾ മന്ദിരങ്ങൾ

72. [121] ശ്രീമതി. ഭാർഗവീതങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചു കഴിഞ്ഞ സ്കൂൾ മന്ദിരങ്ങളിൽ ഇനിയും പൂർത്തിയാകാത്തവ എത്രയെന്നും അവ ഏതെല്ലാം സ്കൂളുകളുടെതാണെന്നും വ്യക്തമാക്കാമോ ;

(ബി) സ്കൂൾ മന്ദിരങ്ങൾ പൂർത്തികരിക്കാത്തതു കൊണ്ട് വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഭരണാനുമതി കിട്ടിയിട്ടുള്ള എല്ലാസ്കൂളുകളുടെയും മന്ദിരങ്ങൾ പൂർത്തീകരിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒന്ന് തട്ടത്തുമല ഗവൺമെന്റ് ഹൈസ്കൂൾ

(ബി) ഉണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്കൂൾ കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുന്നതാണ്.

സഹകരണ ബാങ്കുകൾ ലോൺ അഡ്വാൻസ് ലഭിക്കാതിരിക്കുവാനുണ്ടായതിനെക്കുറിച്ചുള്ള വിശദീകരണം

73. [122] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1984-85 സാമ്പത്തികവർഷത്തിൽ കോളേജ് വിദ്യാഭ്യാസവകുപ്പിലെ അദ്ധ്യാപകർക്ക് അനുവദിച്ച സഹകരണ ബാങ്കുകൾ ലോൺ അഡ്വാൻസ് സംബന്ധിച്ച് ഗവൺമെന്റ് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഡി. സി. ഇ. എന്തെങ്കിലും വിശദീകരണം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly